**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിംഗിലെ (സി-ആപ്റ്റ്) പ്രിന്റിങ് ഇൻസ്ട്രക്ടർ ആയ ശ്രീമതി. ആർ. സിന്ധുവിന്റെ കിലയിലെ ക്ലാർക്ക് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.1066/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 28.05.2019

പരാമർശം:- 1) 10.05.2013-ലെ സർക്കുലർ നമ്പർ. 42/2013/ധന

2) 28.11.2013-ലെ സ.ഉ. (പി) നം. 580/2013/ധന

3) 16.01.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.144/2018/ തസ്വഭവ

4) കില ഡയറക്ടറുടെ 21.01.2019, 21.02.2019 എന്നീ തീയതികളിലെ 2017/101/2273/അസ്റ്റ്. ഇ.1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിംഗിലെ (സി-ആപ്റ്റ്) പ്രിന്റിങ് ഇൻസ്ട്രക്ടർ ആയ ശ്രീമതി. ആർ. സിന്ധുവിന് പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നല്കിയിരുന്നു. ശ്രീമതി. ആർ. സിന്ധുവിന്റെ അന്യത്രസേവന കാലാവധി 27.01.2019-ന് അവസാനിക്കുകയാണെന്നും ടി കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (4) പ്രകാരം കില ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം (2)- ലെ സർക്കാർ ഉത്തരവിന് അനുസൃതമായി, കില ഡയറക്ടറുടെ പരാമർശം (4)-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, കിലയിൽ ക്ലാർക്കായി ജോലി ചെയ്തു വരുന്ന, കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിംഗിലെ (സി-ആപ്റ്റ്) പ്രിന്റിങ് ഇൻസ്ട്രക്ടറായ ശ്രീമതി. ആർ. സിന്ധുവിന്റെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം 1, ചട്ടം 140 (C)-യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 28.01.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ജയശ്രീ എൽ.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിംഗ് (സി- ആപ്റ്റ്), വട്ടിയൂർക്കാവ്, തിരുവനന്തപുരം.
ശ്രീമതി. ആർ. സിന്ധു, പ്രിന്റിങ് ഇൻസ്ട്രക്ടർ, സി- ആപ്റ്റ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.